**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5290** **02-11-2021 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ കായിക വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (എ) | 2019 - 20 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള കാസർഗോഡ് ജില്ലയിലെ കരിന്തളം പഞ്ചായത്തിലെ കിനാനൂരിൽ ഇ.കെ. നായനാർ സ്മാരക സ്റ്റേഡിയം നിർമ്മിക്കുന്നതിന് ഒരു കോടി രൂപ എസ്റ്റിമേറ്റ് അടങ്കലായും 20 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിന്റെ ബഡ്ജറ്റ് ശീർഷകത്തിലുമാണ് വകയിരുത്തിയിട്ടുള്ളത്. പദ്ധതിയുടെ ഡി.പി.ആർ കായിക എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തി പൊതുമരാമത്ത് വകുപ്പാണ് ഏറ്റെടുത്തിട്ടുള്ളത്. കൂടാതെ കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെൻറർ നിർമ്മിക്കുന്നതിനായി 58.14 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലം കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയുടെ കീഴിലായതിനാൽ കായിക യുവജനകാര്യാലയവുമായി ധാരണാ പത്രത്തിലേർപ്പെടേണ്ടതുണ്ട്. പ്രസ്തുത ധാരണാപത്രം ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ